# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടമക്കുടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**

**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്. എ. ഇ.കെ.എം. (പി10)1173/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 20/09/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടമക്കുടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്. എ. ഇ.കെ.എം. (പി10)1173/2024 തീയ്യതി: 20/09/2024

## എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷേർലി പീറ്റർ | ഡെപ്യൂട്ടി ഡയറക്ടർ | 22-07-2024 | 31-07-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-07-2024 | 31-07-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. സന്തോഷ് കുമാർ കെ വി, ഓഡിറ്റ് ഓഫീസർ,

ശ്രീ. സജീവ് എൻ. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,

ശ്രീമതി. പുഷ്പ ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,

ശ്രീമതി.ബെറ്റ്സി സി എക്സ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മേരി വിൻസെന്റ് എൻ.ജി. | പ്രസിഡന്റ് | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ.നവീൻ രാജൻ | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുഭിത നായർ.സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ഡോ.ദിവ്യ യശോധരൻ | മെഡിക്കൽ ഓഫിസർ,ആയുർവേദം ,കടമക്കുടി | 01-04-2023 | 31-03-2024 |
| ഡോ ശ്രീലാൽ.എസ് | മെഡിക്കൽ ഓഫിസർ,പി.എച്ച്.സി,പിഴല | 01-04-2023 | 31-03-2024 |
| ശ്രീമതി ഐശ്വര്യ ബി.സിങ്ങ് | അസി.എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി ലുബീന പി.എ. | കൃഷി ഓഫീസർ അഡീ.ചാർജ്ജ് | 01-04-2023 | 11-06-2023 |
| ശ്രീ.അതുൽ ബി.എം. | കൃഷി ഓഫീസർ | 12-06-2023 | 31-03-2024 |
| ശ്രീമതി.ആഷ ബെറ്റ്സി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ഷർമിള ടോമി | ഹെഡ് മിസ്റ്റ്ട്രസ്സ്,വി.എച്ച്.എസ്.എസ് ,കടമക്കുടി | 01-04-2023 | 31-03-2024 |
| ശ്രീ സജി.കെ | വി.ഇ.ഒ.കോതാട് | 01-04-2023 | 31-03-2024 |
| ശ്രീ.മനോജ്.ടി.ആർ | വി.ഇ.ഒ.കടമക്കുടി | 01-04-2023 | 31-03-2024 |
| ശ്രീമതി.സ്മിത കെ.ബി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 13-08-2023 |
| ശ്രീമതി അളക.ആർ.ബാബു | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 14-08-2023 | 31-03-2024 |
| ശ്രീമതി. ഷൈമ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ.സുജ ജോൺ എം. | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അഡ്വാൻസ് തുകകൾ സമയബന്ധിതമായി ക്രമീകരിക്കേണ്ടതാണ് | 1-1-1 |
| 3 | നിക്ഷേപ ബാധ്യത ആസ്തിയായി ഉൾപ്പെടുത്താവുന്നതാണ് | 1-1-2 |
| 4 | Redemption തുക ലഭിക്കേണ്ടതാണ് | 1-1-3 |
| 5 | മെയിന്റനൻസ് ഗ്രാന്റ് കാപിറ്റൽ കോൺട്രിബ്യൂഷൻ മാറ്റിയത്- | 1-1-4 |
| 6 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ഇ-ടെണ്ടർ ഫീസ് കൃത്യമായ ഈടവേളകളിൽ പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയില്ല.ആസ്തിയാക്കി മാറ്റിയിട്ടില്ല. | 1-1-6 |
| 8 | Capital Work In Progress-ശീർഷകം -പാർട്ട് ബിൽ നൽകിയ മരാമത്ത് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ് | 1-1-7 |
| 9 | വെള്ളക്കരം കുടിശ്ശിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | വസ്തുനികുതി - അപാകതകൾ | 1-10 |
| 19 | തൊഴിൽ നികുതി - ഈടാക്കിയില്ല | 1-11 |
| 20 | ഓഡിറ്റ് ഇംപാക്റ്റ് | 1-12 |
| 21 | ലേലം-അപാകതകൾ | 1-13 |
| 22 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ട് ഗുണഭോക്തൃ വിഹിതം പിരിച്ചെങ്കിലും പ്രോജക്ട് നടപ്പായില്ല. | 1-14 |
| 23 | അതിദരിദ്രർക്കു വേണ്ടിയുള്ള മൈക്രോ പ്ലാനുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് -വിഹിതം ഉറപ്പാക്കണം | 1-15 |
| 24 | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ മുഴുവൻ തുകയും -മരുന്ന് ലഭ്യമായിട്ടില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-16 |
| 25 | ബയോ കമ്പോസ്റ്റർ ബിൻ -പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. | 1-17 |
| 26 | ലൈഫ് ഭവനം ജനറൽ - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-18 |
| 27 | നിലാവ് പദ്ധതി - തകരാറിലായ തെരുവ് വിളക്കുകൾ മാറ്റി ലഭ്യമാക്കിയില്ല | 1-19 |
| 28 | ക്രിമറ്റോറിയം പ്രൊജക്റ്റ് പൂർത്തീക്കപ്പെട്ടില്ല | 1-20 |
| 29 | വരൾച്ചാദുരിതാശ്വാസ പദ്ധതി-കുടിവെള്ള വിതരണം - അപാകതകൾ | 1-21 |
| 30 | മാലിന്യസംസ്കരണം - അവലോകനം | 1-22 |
| 31 | വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല- ₹ 1710725/- രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 32 | മഴക്കാല പൂർവ്വ ശുചീകരണം - രേഖകൾ ഹാജരാക്കിയില്ല- ₹ 260000/-തടസ്സപ്പെടുത്തുന്നു. | 1-24 |
| 33 | ലോൺ ഇനത്തിൽ ബാധ്യത ഇല്ലാതിരുന്നിട്ടും സോഴ്സ് ഡിഡക്ഷൻ നടത്തിയത് മൂലം ഗ്രാന്റിൽ കുറവ് | 1-25 |
| | ഭാഗം 2 | |
| | --- No Records Found --- | |

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **05.06.2024 ലെ 1/1-ാം** നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **06.06.2024-ാം** തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **കടമക്കുടി** ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **കടമക്കുടി** ഗ്രാമപഞ്ചായത്തിന്റെ **2023-24** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: കാക്കനാട്**
**തീയതി:**

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 അഡ്വാൻസ് തുകകൾ സമയബന്ധിതമായി ക്രമീകരിക്കേണ്ടതാണ്

വാർഷിക ധനകാര്യ പത്രികയിലെ B-18 ഷെഡ്യൂൾ പ്രകാരം വിവിധ അഡ്വാൻസ് ഇനത്തിൽ ₹5942402/- ക്രമീകരിക്കുവാൻ ബാക്കിയുള്ളതായി കാണുന്നുണ്ട്. അഡ്വാൻസ് ഇനത്തിൽ നൽകുന്ന തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കി ധനകാര്യപത്രികയിൽ ഉൾപ്പെടുത്തി ക്രമീകരിക്കേണ്ടതാണ്.

### 1-1-2 നിക്ഷേപ ബാധ്യത ആസ്തിയായി ഉൾപ്പെടുത്താവുന്നതാണ്

വാർഷിക ധനകാര്യ പത്രികയുടെ B-7 ഷെഡ്യൂൾ പ്രകാരം, ₹11,87,165/- ഗ്രാമപഞ്ചായത്തിന് നിക്ഷേപ ഇനത്തിൽ ബാധ്യതയുണ്ട്. മേൽ നിക്ഷേപ ബാധ്യതയിൽ 3 വർഷം കഴിഞ്ഞ വാടക നിക്ഷേപങ്ങൾ ഒഴികെയുള്ള ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയായി മുതൽ കൂട്ടാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട നിക്ഷേപ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

### 1-1-3 Redemption തുക ലഭിക്കേണ്ടതാണ്

വാർഷിക ധനകാര്യ പത്രികയിലെ B-15 ഷെഡ്യൂൾ പ്രകാരം 431500199 Receivable Of Redemption എന്ന ശീർഷകത്തിൽ ₹57,94,877/- ലഭിക്കുവാനുള്ളതായി കാണുന്നു. ആയത് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-4 മെയിന്റനൻസ് ഗ്രാന്റ് കാപിറ്റൽ കോൺട്രിബ്യൂഷൻ മാറ്റിയത്-

വാർഷിക ധനകാര്യ പത്രികയിലെ B-3 ഷെഡ്യൂൾ പ്രകാരം 312100302 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ-മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് എന്ന ശീർഷകത്തിൽ ₹395129/- മാറ്റിയതായി കാണുന്നു. മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചത് ആസ്തിയായി കണക്കാക്കിയാണ് മാറ്റിയിരിക്കുന്നത്. വിവിധ മരാമത്ത് പ്രവൃത്തികൾ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുള്ള റോഡ് പ്രവൃത്തി ആസ്തിയായി കണക്കാക്കി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റേണ്ടതില്ല.

### 1-1-5 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

സഞ്ചയ സോഫ്റ്റ് വെയർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തുനികുതി ഡി.സി.ബി. കണക്കുകളും വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-6 ഇ-ടെണ്ടർ ഫീസ് കൃത്യമായ ഇടവേളകളിൽ പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയില്ല.ആസ്തിയാക്കി മാറ്റിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുകകൾ സ്വീകരിക്കുന്നതിനായി കടമക്കുടി ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ.യിൽ ആരംഭിച്ചിട്ടുള്ള കറണ്ട് അക്കൗണ്ടിൽ (നം. 37180599557) 31.03.2024 ൽ ₹205565/- നീക്കിയിരിപ്പുണ്ട്. ടി തുക സമയബന്ധിതമായി പഞ്ചായത്തിലേക്ക് 2023-24 വർഷം കൈമാറിയതായി കാണുന്നില്ല. ആയത് ഗ്രാമപഞ്ചായത്ത് ആസ്തിയായി കണക്കാക്കി ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

### 1-1-7 Capital Work In Progress-ശീർഷകം -പാർട്ട് ബിൽ നൽകിയ മരാമത്ത് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്

വാർഷിക ധനകാര്യ പത്രികയിലെ RP-39 ഷെഡ്യൂൾ പ്രകാരം 412010101 ഹെഡിൽ ക്യാപിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ് എന്ന ശീർഷകത്തിൽ തൻവർഷം ₹73644/- മാത്രമാണ് മാറ്റിയത്. തൻവർഷം പൂർത്തീകരിക്കാത്ത പാർട്ട് ബിൽ നൽകിയ മരാമത്ത് പ്രവൃത്തികൾ കൂടി ക്യാപിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ് എന്ന ശീർഷകത്തിൽ ചേർക്കേണ്ടതാണ്.

### 1-1-8 വെള്ളക്കരം കുടിശ്ശിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന് 2024 മാർച്ച് മാസം വരെ താഴെ ചേർക്കും പ്രകാരം 5.30 കോടി രൂപ വെള്ളക്കരമിനത്തിൽ കുടിശ്ശികയുണ്ട്.

| ഡിമാന്റ് നമ്പർ.82677/04.03.2024 | |
|---|---|
| മുന്നിരുപ്പ് | ₹5,19,86,576 |
| പിഴപലിശ | ₹10,19,729 |
| തൻമാസ ചാർജ്ജ് | ₹18,199 |
| **ആകെ** | **₹5,30,24,684** |

മേൽ വെള്ളക്കര കുടിശ്ശിക ബാധ്യതയായി ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള കരട് ബജറ്റ് പഞ്ചായത്ത് കമ്മിറ്റിയുടെ 27.03.2023 ലെ 1/1 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 25.01.2024 ലെ 4/1-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 1/1 തീയതി 27.03.2023) | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 4/1 തീയതി 25.01.2024) |
|---|---|

| | | |
|---|---|---|
| മുന്നിരുപ്പ് | ₹8,09,977 | ₹8,09,977 |
| വരവ് | ₹18,18,86,849 | ₹19,56,51,714 |
| ആകെ വരവ് | ₹18,26,96 ,826 | ₹19,64,61,691 |
| ചെലവ് | ₹18,15,00,848 | ₹18,89,67,500 |
| നീക്കിയിരുപ്പ് | ₹11,95,978 | ₹74,94,191 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | ₹1,40,56,435.15 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹3,77,53,515 |
| ആകെ | : | ₹5,18,09,950.15 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹3,37,54,229 |
| നീക്കിയിരുപ്പ് | : | ₹18,055,721.15 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവ് – ചെലവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ , | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | ₹1,09,26,000 | ₹1,09,26,000 | ₹85,58,127 | ₹23,67,873 | - |
| വികസന ഫണ്ട് (എസ്.സി.പി) | - | ₹29,00,000 | ₹29,00,000 | ₹21,46,892 | 7,53,108 | - |
| വികസന ഫണ്ട് (ടി.എസ്.പി) | - | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | ₹57,68,650 | ₹57,68,650 | ₹28,55,290 | ₹29,13,360 | - |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | ₹13,58,000 | ₹13,58,000 | ₹13,51,060 | ₹6,940 | - |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant) Bank | ₹14,47,520 | ₹1809000 +1,26,732 ₹19,35,732 | ₹33,83,252 | ₹10,79,739 | - | ₹23,03,513 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) Bank | ₹19,89,116 | ₹13,57,000 | ₹33,46,116 | ₹12,35,892 | - | ₹21,10,224 |
| 320100108 ബേസിക് സർവ്വീസ് ട്ട അർബൻ പുവർ | ₹15,02,852.60 | ₹41,754 | ₹1544606.60 | - | - | ₹1544606.60 |
| 320100160 റൂറൽ ഹൌസിങ്ങ് | ₹13,62,143 | ₹58,34,754 | ₹71,96,897 | ₹70,90,138 | - | ₹1,06,759 |
| 320100191 നിർമൽ പുരസ്കാരം | ₹5,00,367 | 0 | ₹5,00,367 | 0 | - | ₹5,00,367 |

| | | | | | | |
|---|---|---|---|---|---|---|
| 320100195 എപിഡെമിക് കൺട്രോൾ ഗ്രാന്റ് | ₹78,612 | ₹2184 | ₹80,796 | 0 | - | ₹80,796 |
| 320100196 ഐ.സി.ഡി.എസ്. | ₹8,87,596 | ₹0 | ₹8,87,596 | ₹3,89,005 | - | ₹4,98,591 |
| 320100197 ലിറ്ററസി ഗ്രാന്റ് | ₹36,743 | ₹13,232 | ₹49,975 | 9,740 | - | ₹40,235 |
| 320100198 ശുചിത്വ മിഷൻ | ₹5,23,577 | 7665 | ₹5,31,242 | 2,74,816 | - | ₹2,56,426 |
| 320100200 ജില്ലാതല ബെസ്റ്റ് പഞ്ചായത്ത് അവാർഡ് | ₹2,00,000 | - | ₹2,00,000 | - | - | ₹2,00,000 |
| 320100202 ഹെൽത്ത് ഗ്രാന്റ് - ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | ₹2,451 | ₹7,34,865 | ₹7,37,316 | ₹7,26,000 | - | ₹11,316 |
| 320100204 ഹെൽത്ത് ഗ്രാന്റ് - വെൽനെസ് സെന്റർ | ₹1,100 | ₹3,19,538 | ₹3,20,638 | ₹3,16,000 | - | ₹4,638 |
| 320200399 മറ്റ് ആവശ്യങ്ങൾക്കുള്ള പ്രത്യേക ഫണ്ട് | ₹2,22,939 | ₹6,194 | ₹2,29,133 | ₹0 | | ₹2,29,133 |
| 320300199 അദർ ഗവ. ഏജൻസീസ് | ₹10,669 | 10,000 | ₹20,669 | - | - | ₹20,669 |
| 320400199 അദർ ഫിനാൻഷ്യൽ സ്ഥാപനങ്ങൾ | ₹3,04,840 | ₹8,470 | ₹313,310 | ₹0 | - | ₹313,310 |
| 320500101 വെൽഫെയർ ബോഡീസ് ക്യാപിറ്റൽ | ₹18,45,424 | - | ₹18,45,424 | - | - | ₹18,45,424 |
| 320800199 സ്പെസിഫിക് പർപ്പസ് ക്യാപിറ്റൽ | ₹578798.25 | ₹16,181 | ₹594979.25 | ₹0 | - | ₹594979.25 |

കുറിപ്പ്:

- വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത (ജി.ഒ. പ്രോജക്ട് പ്രകാരം) 474292/- രൂപയും SCP ഇനത്തിൽ 427792/- രൂപയും ഉൾപ്പെടുന്നു. തൻവർഷ ചെലവിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ – ₹1078127/-യും ഉൾപ്പെടുന്നു.
- മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്-ആകെ ചെലവിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ₹395129/- ഉൾപ്പെടുന്നുണ്ട്.
- സി.എഫ്.സി. ബേസിക് ടാക്സ് ഗ്രാന്റ് ചെലവ്, ₹4,79,459/- റവന്യൂ ചെലവും ₹6,00,268/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്. സിഎഫ്സി ബേസിക്ക് ചെലവ് ഇനത്തിൽ AFS ലെ I6 ൽ ₹12/- വ്യത്യാസം കാണുന്നു.
- സി.എഫ്.സി. ടൈഡ് ഗ്രാന്റ് ചെലവ്, ₹5,16,317/- റവന്യൂ ചെലവും ₹719,575/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

. ധനകാര്യ പത്രിക പ്രകാരമുള്ള ആകെ സിഎഫ്സി ഫണ്ടും സുലേഖ പത്രിക പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല. (2224568 – 2315619 = 91051/-) വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-5 പദ്ധതി അവലോകനം**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ(₹) | പദ്ധതി ചെലവ്(₹) | പൂർണ്ണമായി നടപ്പാക്കിയത്. എണ്ണം | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ. എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 154 | 8,94,02,377 | 32656264 | 71 | 20 | 63 | 46.10 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | ₹41 | ₹12,16,886 | ₹12,16,927 | ₹12,16,927 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | ₹2,02,04,073 | ₹2,02,04,073 | ₹2,02,04,073 | - |
| ആകെ | ₹41 | ₹21420959 | ₹2,14,21,000 | ₹2,14,21,000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | ₹35,87,200 | 315 |
| വിധവാപെൻഷൻ | ₹55,32,300 | 521 |
| വാർദ്ധക്യകാല പെൻഷൻ | ₹1,49,65,400 | 1567 |
| വികലാംഗപെൻഷൻ | ₹20,78,100 | 188 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹5,32,400 | 51 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.07.2024 തീയതിയിൽ ഉച്ചയ്ക്ക് 3.00 സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹9244/- ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഗ്രാമപഞ്ചായത്തിലെ പൊതുജീവിതത്തെ സ്വാധീനിക്കുന്ന ക്ഷേമ ചുമതലകളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ നിർവ്വഹണം നടത്തുന്ന ഭരണ സംവിധാനമെന്ന നിലയിൽ പ്രവർത്തിക്കുന്നതിന് സഹായകമായ രീതിയിൽ, പരിമിത സൗകര്യങ്ങളോടു കൂടിയ ഫ്രണ്ട് ഓഫീസ് പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

2. ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്.

3. നിർവ്വഹണം നടന്നിട്ടുള്ള ചില പ്രൊജക്റ്റുകളുടെ ചെലവ് വിവരം, ഓഡിറ്റിന് ആധാരമാകുന്ന പ്രധാനരേഖയായ സുലേഖ ചെലവ് പത്രികയിൽ പൂർണ്ണമായും രേഖപ്പെടുത്താതെ കാണുന്നുണ്ട്. ആയത് ശ്രദ്ധിക്കേണ്ടതാണ്.

4. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷന്തോറും തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികൾ യഥാസമയം പൂർത്തീകരിക്കപ്പെടുന്നില്ല. പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

5. ഓഡിറ്റ് വർഷത്തെ വൗച്ചറുകൾ മികച്ച രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്. ഓരോ വൗച്ചറിന്റെയും വിവരങ്ങൾ ബിൽ രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തുന്നുണ്ട്.

6. ടൂറിസം മേഖലയിൽ വൻ കുതിച്ചുചാട്ടത്തിന് ഒരുങ്ങിനിൽക്കുന്ന ഒരു പ്രദേശമാണ് കടമക്കുടി. ഈ മേഖലയിൽ ഉണ്ടാകുന്ന വികസനത്തിന് ആനുപാതികമായി പഞ്ചായത്തിന് കൂടി വരുമാനവർധന ഉണ്ടാകുന്ന രീതിയിൽ പ്രവർത്തനങ്ങൾ ആവിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

7.മാലിന്യസംസ്കരണം, റോഡ് കണക്ടിവിറ്റി, ശുദ്ധജല ദൗർലഭ്യം എന്നീ മേഖലകളിലാണ് പ്രധാനമായും

കടമക്കുടി ബുദ്ധിമുട്ടുകൾ നേരിടുന്നത്. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പ്രസ്തുതമേഖലകൾക്ക് ഊന്നൽ നല്കാവുന്നതാണ്.

**1-10 വസ്തുനികുതി - അപാകതകൾ**

(I) സ.ഉ (കൈ) നം.77/2023/LSGD തീ.22.03.2023, പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനായി 17.05.2023 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി(നം.11) തീരുമാനമെടുത്തിട്ടുണ്ടെങ്കിലും, വസ്തുനികുതി പുതുക്കി നിശ്ചയിച്ച് ഈടാക്കിയിട്ടില്ല. പാർപ്പിടാവശ്യം, വാണിജ്യാവശ്യം തുടങ്ങിയ എല്ലാവിധ ഉപയോഗങ്ങളിലും വസ്തുനികുതി നിർണ്ണയത്തിന്, അടിസ്ഥാന വസ്തുനികുതി നിരക്കായിട്ടെടുത്തിരിക്കുന്നത്, നികുതി പരിഷ്കരണത്തിന് മുൻപുള്ള നിരക്കുകൾ തന്നെയാണ്. ഏതാനും ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് | കെട്ടിട നം. | ഉപയോഗം/പഴയനിരക്ക് | തീയതി |
|---|---|---|---|---|
| 1. | മരിയദാസ്, അറയ്ക്കൽ | 7/129 ഡി | പാർപ്പിടാവശ്യം 7.00 | 12.07.2023 |
| 2. | മേരി ഷീബ, വലിയപറമ്പിൽ | 7/59എ | പാർപ്പിടാവശ്യം 7.00 | 18.01.2024 |
| 3. | ആന്റണി റസ്സൽ, തുണ്ടിപ്പറമ്പിൽ | 9/102എ | പാർപ്പിടാവശ്യം 7.00 | 09.05.2023 |
| 4. | സിജോ ഓളിപ്പറമ്പിൽ | 10/164ബി | വാണിജ്യാവശ്യം 30.00 | 07.06.2023 |

കൂടാതെ കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് സർവ്വീസ് ചാർജ്ജ് ചുമത്തേണ്ടതിനായി നിയമഭേദഗതി വന്നിട്ടുള്ളതിനാൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയതായോ, വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ച് തീർപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അപ്പീൽസമിതികൾ രൂപീകരിച്ച തായോ കാണുന്നില്ല.

(II) 2023-24 സാമ്പത്തികവർഷത്തെ വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15പ്രകാരം വസ്തുനികുതി ഇനത്തിൽ താഴെപ്പറയും പ്രകാരം കുടിശ്ശിക നിലനിൽക്കുന്നു.

| ഇനം | കുടിശ്ശിക |
|---|---|
| പാർപ്പിടാവശ്യം (തൻവർഷം) | 8155.00 |
| പാർപ്പിടാവശ്യം (കുടിശ്ശിക) | 22142.00 |
| പാർപ്പിടേതരം (തൻവർഷം) | 2442.00 |
| പാർപ്പിടേതരം (കുടിശ്ശിക) | 4179.00 |

മേൽ പറഞ്ഞിരിക്കുന്ന അപാകതകളോടനുബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള (നം.11/30.07.24) മറുപടിയിൽ, സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് വസ്തുനികുതി പുതുക്കി നിശ്ചയിച്ച് ഈടാക്കുന്നതാണെന്നും, നിലവിൽ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിൽ കെട്ടിടങ്ങൾ ഇല്ലെന്നും, വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ച് തീർപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ അപ്പീൽസമിതികൾ രൂപീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും, വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറിക്കുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി - ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1) എ(i), (Ii) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. എന്നാൽ ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻവ്യാപാരികൾ, പാലിയേറ്റീവ് കെയർ നഴ്സ് പി.എച്ച്.സി., കരാറുകാർ എന്നിവരിൽ നിന്നും 2023-24 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. മേൽപ്പറഞ്ഞിരിക്കുന്നവരിൽ നിന്നും തൊഴിൽനികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-12 ഓഡിറ്റ് ഇംപാക്റ്റ്

തൊഴിൽനികുതി ഈടാക്കാത്തതിനോടനുബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം തൊഴിൽനികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നം. | രസീത് നം./ തീയതി | തുക |
|---|---|---|
| 01/26.07.24 | 1) 1240500081/29.07.24<br>2) 1240500080/29.07.24<br>3) 1240500084/29.07.24<br>4) 1240500083/29.07.24 | 480.00<br>600.00<br>1800.00<br>600.00 |
| 10/29.07.24 | 1240500094/31.07.2024 | 6000.00 |
| | ആകെ | 9480.00 |

## 1-13 ലേലം-അപാകതകൾ

കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ ലേല രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൻ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലും കൈവശത്തിലും ഇരിക്കുന്ന വലിയകടമക്കുടി മത്സ്യകാപ്പിൽ നിന്നും മത്സ്യം പിടിക്കുന്നതിനുള്ള അവകാശം, ബിനു കെ എഫ്, കുന്നനാട്ട്, ചിറയ്ക്കകം എന്നയാൾക്ക് 11,35,050/-രൂപയ്ക്ക് 22.08.2023 ൽ ലേലം ചെയ്ത് സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ലേല നിബന്ധനകൾ പ്രകാരം ലേലം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതായി അറിയിപ്പ് കിട്ടി അതേദിവസം തന്നെ ലേല തുകയുടെ 25% അടയ്ക്കേണ്ടതും, ഏഴ് ദിവസത്തിനുള്ളിൽ 200/- രൂപയുടെ മുദ്രപത്രത്തിൽ കരാർ ചമച്ച്, ലേലതുകയുടെ 25% കഴിച്ചുള്ള ബാക്കി തുക ഒറ്റതവണയായി കരാർ ചമയ്ക്കുന്നതിന് മുൻപ് തന്നെ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതുമാണ്. എന്നാൽ ലേല രജിസ്റ്ററിൽ, ടിയാൻ, ഒന്നാം ഗഡു 3,78,350/-രൂപയും രണ്ടാം ഗഡു 2,00,000/- രൂപയും മൂന്നാം ഗഡു 1,00,000/- രൂപയും (ആകെ 6,78,350/-രൂപ) അടവാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ഈ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയതിന്റെ പൂർണ്ണമായ വിവരങ്ങൾ (രസീത് നം./തീയതി) രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ലേല തുകയ്ക്ക് അനുസൃതമായി സോൾവൻസി/ബാങ്ക് ഗ്യാരൻറി ടിയാൻ സമർപ്പിച്ചിട്ടുള്ളതായും കാണുന്നില്ല. ഇതിനോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 16/31.07.24), ടിയാൻ 2022 നവംബർ 18-ാം തീയതി മുതൽ 2023 ഒക്ടോബർ വരെ മത്സ്യം പിടിക്കുന്നതിനാണ് പഞ്ചായത്തിൽ ലേലം ഉറപ്പിച്ചിരുന്നതെന്നും പിന്നീട് അടുത്ത മൂന്ന് വർഷത്തേക്ക് കൂടി നിലവിലുള്ള ലേലതുകയുടെ 5% കൂട്ടി ഏറ്റെടുത്തുകൊള്ളാമെന്ന് കാണിച്ചുകൊണ്ട് പഞ്ചായത്ത് കമ്മിറ്റിക്ക് അപേക്ഷ സമർപ്പിക്കുകയും 21.07.2023 തീയതിയിലെ 8(1)ാം നമ്പർ തീരുമാന പ്രകാരം ടിയാന്റെ അപേക്ഷ പരിഗണിക്കുകയും ആയതു പ്രകാരമാണ് ടിയാൻ പഞ്ചായത്തുമായി കരാർ ചമച്ചിട്ടുള്ളതെന്നും സാമ്പത്തിക വർഷം അടിസ്ഥാനമാക്കിയല്ല ടിയാന് ലേലം ചെയ്തുകൊടുത്തിരിക്കുന്നതെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. മറുപടി തൃപ്തികരമല്ല.

പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിരിക്കുന്നതായി ലേല രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന 6,78,350/- രൂപയുടെ രസീതുകളും ടിയാൻ പഞ്ചായത്തുമായി ചമയ്ച്ചിട്ടുള്ള കരാറിന്റെ (2022-23, 2023-24 എന്നീ വർഷങ്ങളിലെ) സാക്ഷ്യപ്പെടുത്തിയ പകർപ്പും ഓഡിറ്റിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ലേലമിനത്തിൽ ബാക്കി ലഭിക്കാനുള്ള 4,56,700/-രൂപ ലേലക്കാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ലേല നിബന്ധനകൾ അനുസരിച്ച് മാത്രം ലേലം നടത്തുകയും, ലേല രജിസ്റ്റർ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

### 1-14 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് ഗുണഭോക്തൃ വിഹിതം പിരിച്ചെങ്കിലും പ്രോജക്റ്റ് നടപ്പായില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 64/24/താറാവ് കുട്ടികളുടെ വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| അടങ്കൽ | 107250/-രൂപ (99000/-വികസനഫണ്ട് പൊതു വിഭാഗം, 8250/-ഗുണഭോക്തൃ വിഹിതം) |
| ആകെ ചെലവ് | ഇല്ല |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 73/24/മുട്ടകോഴി വിതരണം വനിതകൾക്ക് |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| അടങ്കൽ | 107250/-രൂപ (99000/-വികസനഫണ്ട് പൊതു വിഭാഗം, 8250/-ഗുണഭോക്തൃ വിഹിതം) |
| ആകെ ചെലവ് | ഇല്ല |

താറാവ് കുട്ടികളുടെ വിതരണത്തിനായി വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കാൻ രൂപീകരിച്ച മേൽ രണ്ട് പദ്ധതികൾക്കായി ഗുണഭോക്തൃ വിഹിതം അടക്കം ₹214500/- വകയിരുത്തിയിരുന്നു. ഇതിൽ ₹16500/- (8250*2) ഗുണഭോക്തൃ വിഹിതമായിരുന്നു. സുലേഖ ചെലവ് പത്രിക പ്രകാരം മേൽ പ്രോജക്റ്റുകൾക്ക ചെലവ് വന്നിട്ടില്ല. എന്നാൽ രസീത് ബുക്ക് നമ്പർ 15184, 15185, 15190 പ്രകാരം യഥാക്രമം ₹5200/- (2 താറാവ് കുട്ടികളുടെ വിതരണം), ₹6000/- (മുട്ടകോഴി വിതരണം വനിതകൾക്ക്) എന്നിവയ്ക്കായി ഗുണഭോക്തൃ വിഹിതം പിരിച്ച് പഞ്ചായത്തിൽ അടവാക്കിയതായി കാണുന്നു. ഇതിന്മേൽ കൈക്കൊണ്ട തുടർനടപടി അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/26.07.24) നല്കിയ മറുപടിയിൽ ഗുണഭോക്തൃ വിഹിതം പിരിച്ച് പഞ്ചായത്തിൽ അടവാക്കിയെങ്കിലും പ്ളാൻ ഫണ്ട് ലഭ്യമാകാത്തതിനാൽ പ്രോജക്റ്റ് നടപ്പാക്കാനായില്ല. സ്പിൽഓവർ ആയി ചെയ്യുന്നതാണെന്ന് അറിയിച്ചു. 2024-25 ൽ ഈ പദ്ധതി സ്പിൽ ഓവർ ആയി ഏറ്റെടുത്തതിന്റെയും നടപ്പാക്കിയതിന്റെയും വിവരങ്ങൾ ഓഡിറ്റിന് നൽകേണ്ടതാണ്. എന്തെങ്കിലും കാരണത്താൽ പ്രോജക്റ്റ് നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ തുക തിരികെ ഗുണഭോക്താക്കൾക്ക് നൽകേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-15 അതിദരിദ്രർക്ക വേണ്ടിയുള്ള മൈക്രോ പ്ലാനുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് - വിഹിതം ഉറപ്പാക്കണം

| പ്രോജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ/തീയതി |
|---|---|---|---|---|
| 13/2024 | അതിദരിദ്രർക്കുള്ള മൈക്രോ പ്ളാൻ ഭക്ഷണ കിറ്റ് നല്കൽ | 150000 (വികസന ഫണ്ട്, | 127898 (വികസന ഫണ്ട്, | 1.15183/- 30/ 22.07.23 2.15058/- |

| | | | | |
|---|---|---|---|---|
| | | പൊതു വിഭാഗം) | പൊതു വിഭാഗം) | 2.09.23<br>3.15746/- 73/04.10.23<br>4.15324/- 97/17.11.23<br>5.18068/- 133/01.01.24<br>6.16737/- 154/30.01.24<br>7.16488/- 166/15.02.24)<br>8.15294/- 200/12.03.24 |

ഗ്രാമ/ *ബ്ലോക്ക്* /ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിലെ മാർഗ്ഗരേഖ സംബന്ധിച്ച സർക്കാർ ഉത്തരവ് (കൈ) നം. 84/2022/LSGD Dt. 19.04.2022 ഖണ്ഡിക 6.6 (2) പ്രകാരം മൈക്രോ പ്ലാനുകളിലെ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി നിർവഹണ പ്രൊജക്റ്റുകൾക്ക് രൂപം നൽകേണ്ടതും ലഭ്യമായ സ്രോതസുകളിൽ നിന്നും വിഹിതം കണ്ടെത്തി ഓരോ വർഷത്തെയും പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്. അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രൊജക്റ്റിൽ വികസന ഫണ്ട് മാത്രമാണ് വകയിരുത്തി ചെലവഴിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകൾ തയ്യാറാക്കുന്ന അതിദരിദ്രർക്കു വേണ്ടിയുള്ള മൈക്രോ പ്ലാനുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വിഹിതം നൽകണം. ഇപ്രകാരം വിഹിതം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കുവാൻ താല്പര്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം13/30.07.24) മറുപടിയിൽ പഞ്ചായത്തിന് അധിക ബാധ്യത വരാത്തതിനാലാണ് വികസന ഫണ്ട് മാത്രം ഉൾപ്പെടുത്തിയത്. വരും വർഷങ്ങളിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം കൂടി ഉൾപ്പെടുത്തുന്നതാണെന്നറിയിച്ചു. പ്രോജക്റ്റുകൾ ഏറ്റെടുക്കുമ്പോൾ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-16 ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ മുഴുവൻ തുകയും -മരുന്ന് ലഭ്യമായിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം. |
| പ്രോജക്റ്റിന്റെ നം | 69/24 |
| അടങ്കൽ തുക / ഫണ്ട് | ₹150,000/-, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക/ബിൽ നം, തീയതി | ₹150,000/-, 231109000000026257/തീയതി.22.02.2024. |

23-24 വർഷം ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ പ്രൊജക്റ്റിനായി മെഡിക്കൽ ഓഫീസർ, ആയുർവേദം, നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്റ്റ് പ്രകാരം ഹോംകോയിലേക്ക് ₹1,50,000/- അടവാക്കിയിരുന്നു. ആയതിൽ ₹59240/- രൂപയുടെ മരുന്നു (ഇൻവോയ്സ് നം. LF 252/27.05.2024)മാത്രമാണ് ലഭ്യമായിട്ടുള്ളത്. (ഓഡിറ്റ് എൻക്വയറി നം.3/26.07.24) ₹90760/-നുള്ള മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതു വരെ ₹90760/- ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-17 ബയോ കമ്പോസ്റ്റർ ബിൻ -പദ്ധതി പൂർത്തീകരിക്കേണ്ടതാണ്.**

| | |
|---|---|
| പ്രോജക്റ്റ് നം. | 76/24 |
| പ്രോജക്റ്റിന്റെ പേര് | ബയോ കമ്പോസ്റ്റർ ബിൻ നൽകൽ |
| അടങ്കൽ | ₹100,000 ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 22485/-(ബിൽ/തീയതി-XVFC/2023-24/28.03.2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

കടമക്കുടി ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ ബയോ കമ്പോസർ ബിൻ എന്ന പ്രോജക്റ്റിൽ 62 ഗുണഭോക്താക്കൾക്ക് 1790/-രൂപ നിരക്കിൽ ബയോ കമ്പോസ്റ്റർ ബിൻ

നൽകുന്നതിന് IRTC-Project Implementation Unit ന് അഡ്വാൻസ് തുക അനുവദിച്ചു. അഡ്വാൻസ് തുക പ്രോജക്ട് കോസ്റ്റിന്റെ 20% എന്ന നിലയിൽ 22485/-രൂപ സ്ഥാപനത്തിന് നൽകുകയും ചെയ്തു. എന്നാൽ ടി കാലയളവിൽ പ്രോജക്ട് നടപ്പാക്കിയതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ/തീയതി-5/26.07.2024 നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിരുന്നു. 62 ഗുണഭോക്താക്കൾക്കും ബയോ കമ്പോസ്റ്റർ ബിൻ നൽകിയെന്നും ആയതിന്റെ ബാക്കി തുക നൽകിയിട്ടില്ലായെന്നുമാണ്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 11 എണ്ണം ബാക്കി നിൽക്കുന്നതായി കാണിച്ചിട്ടുണ്ട്. ബയോ കമ്പോസ്റ്റർ ബിൻ മുഴുവൻ നൽകിയിട്ടുണ്ടെങ്കിൽ കൈപ്പറ്റ് രസീത് ലഭ്യമാക്കി ഫയലിൽ ഉൾപ്പെടുത്തേണ്ടതാണ്.

**1-18 ലൈഫ് ഭവനം ജനറൽ - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല**

2022-23 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവനം ജനറൽ പദ്ധതിയിൽ 34 ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിരുന്നുവെങ്കിലും താഴെ ചേർത്ത ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് വിവരം | തുക അനുവദിച്ച തീയതി | തുക ചെലവഴിച്ചത് |
|---|---|---|---|
| 1 | സിനി.പി.ടി ചമ്മണികോടത്ത് വാർഡ്-6 | 25.02.2023 | 40,000 |
| 2 | ഷൈല ആന്റണി എടത്തിൽ വാർഡ്-10 | 25.02.2023 | 40,000 |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ/തീയതി-6/26.07.2024 നൽകിയതിന് ക്രമ നമ്പർ 2 ഗുണഭോക്താവിന്റെ ഭവന നിർമ്മാണം അവസാന ഘട്ടത്തിലാണെന്നും ക്രമ നമ്പർ 1 ലെ ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിക്കുന്നതിന് ശ്രമങ്ങൾ നടത്തുന്നുവെന്നുമാണ് മറുപടി ലഭ്യമാക്കിയത്. മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-19 നിലാവ് പദ്ധതി - തകരാറിലായ തെരുവ് വിളക്കുകൾ മാറ്റി ലഭ്യമാക്കിയില്ല**

നിലാവ് പദ്ധതി പ്രകാരം സ്ഥാപിക്കപ്പെട്ട തെരുവ് വിളക്കുകൾ പലതും തകരാറിലാണെന്നും ഗ്യാരന്റി പിരിയഡിനുള്ളിൽ കേടാവുന്നവ KSEB അധികൃതർ നന്നാക്കി പുനസ്ഥാപിക്കുമെന്ന വ്യവസ്ഥ പാലിക്കുന്നില്ല എന്നും 20-6-23, 19-9-23 തീയതികളിലെ പഞ്ചായത്ത് കമ്മിറ്റി യോഗമിനിറ്റ്സുകളിൽ രേഖപ്പെടുത്തിക്കാണുന്നു. തദ്ദേശസ്വയംഭരണവകുപ്പ് സർക്കുലർ നമ്പർ ഇഡബ്ല്യൂബി1/101/2020ത.സ്വ.ഭ.വ. 26-10-2022 പ്രകാരം ഏഴ് വർഷ വാറന്റി കാലാവധിയിൽ കേടാവുന്ന ലാമ്പുകൾ നിലാവ് പദ്ധതിയുടെ PMU ആയ EESL സൌജന്യമായി മാറ്റിനല്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം സ്ഥാപിച്ച ലാമ്പുകൾ എത്ര, അതിൽ തകരാറിലായവ എത്ര എന്നീ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി (7/28-7-24) നല്കിയിരുന്നു. ഇത്തരത്തിൽ കേടായ ലാമ്പുകൾ EESL മാറ്റി നല്കിയിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ് എന്നും എൻക്വയറിയിൽ സൂചിപ്പിച്ചിരുന്നു. 500 വിളക്കുകൾ നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ചുവെന്നും അതിൽ 15 എണ്ണം തകരാറിലായി എന്നും മറുപടിയിൽ അറിയിച്ചു. 5 എണ്ണം മാറ്റി ലഭിച്ചു എന്നാണ് അറിയിച്ചിട്ടുള്ളത്. ബാക്കിയുള്ള തെരുവ് വിളക്കുകൾ KSEB EESL ൽ നിന്ന് മാറ്റി ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

**1-20 ക്രിമറ്റോറിയം പ്രൊജക്ട് പൂർത്തീക്കപ്പെട്ടില്ല**

ഗ്യാസ് ക്രിമറ്റോറിയം (പ്രൊജക്റ്റ് നമ്പർ 91/21-22) നാളിതുവരെ പൂർത്തിയായില്ല എന്നും കരാറുകാരൻ ജോസ് വർഗ്ഗീസ് കരീക്കൽ 60% പ്രവൃത്തി പൂർത്തീകരിക്കുകയും രൂ 2100000/- കൈപ്പറ്റുകയും ചെയ്തിട്ടുണ്ട് എന്നും 16-5-24 ലെ കമ്മിറ്റി മിനിറ്റ്സിൽ (അജണ്ട 1 തീരുമാനം 3) രേഖപ്പെടുത്തിക്കാണുന്നു. 2019-20

വർഷം ശ്മശാനം നിർമ്മാണം പ്രാരംഭപ്രവർത്തനങ്ങൾ (പ്രൊജക്റ്റ് നമ്പർ 106/20)എന്ന പേരിൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചായാണോ മേൽ പ്രൊജക്റ്റ്(പ്രൊജക്റ്റ് നമ്പർ 91/21-22) എന്ന് വ്യക്തമല്ല. ക്രിമറ്റോറിയം പ്രൊജക്റ്റ് പൂർത്തീകരണം സാധ്യമാകാതിരുന്നതിന് കാരണങ്ങൾ ഉണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നും ശുചിത്വമിഷൻ എംപാനൽഡ് ഏജൻസിക്കായിരുന്നോ കരാർ നല്കിയിരുന്നതെന്ന് എന്നും ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി(നമ്പർ 8 തീയതി 28-7-24) നല്കിയിരുന്നു. സിവിൽ വർക്കുകൾ മാത്രമാണ് പ്രൊജക്റ്റിലുൾപ്പെട്ടിട്ടുള്ളതെന്നും അതിനാലാണ് ശുചിത്വമിഷൻ എംപാനൽഡ് ഏജൻസിയെ ഏൽപ്പിക്കാതിരുന്നതെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കാത്തതിനാൽ കരാറുകാരനെ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. കരാറുകാരൻ കൈപ്പറ്റിയ 21,00000/- രൂപയ്ക്കുള്ള പ്രവർത്തികൾ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതും, അധികമായി തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതാണ്. ക്രിമറ്റോറിയം പ്രൊജക്റ്റിന്റെ വേലകൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 വരൾച്ചാദുരിതാശ്വാസ പദ്ധതി-കുടിവെള്ള വിതരണം - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 128/24 വരൾച്ചാദുരിതാശ്വാസ പദ്ധതി-കുടിവെള്ള വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ആകെ അടങ്കൽ | 154062/- |
| ആകെ ചെലവ് | 95600/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ബിൽ നമ്പർ, തീയതി | 35/4-8-2023(32000/-)<br>150/24-1-2024(63600) |

കുടിവെള്ള വിതരണത്തിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഫൈൻ വാട്ടർ തൃപ്പൂണിത്തുറ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് ടി സ്ഥാപനത്തിന് കരാർ നല്കി. 2000 ലിറ്ററിന് കിണർ വെള്ളത്തിന്റെ നിരക്കും KWA നിരക്കും പ്രത്യേകം ക്വോട്ട് ചെയ്തതിൽ KWA നിരക്കായ 1200/- രൂപ 28-3-23 6(1) തീരുമാനപ്രകാരം അംഗീകരിച്ചു. ഇതനുസരിച്ച് കുടിവെള്ളവിതരണം നടത്തിയ പ്രസ്തുതസ്ഥാപനത്തിന് ബിൽ നമ്പർ 35 തീയതി 4-8-2023 പ്രകാരം ₹32000/- നല്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് സ്ഥാപനത്തിന്റെ ബിൽ , ട്രിപ് ഷീറ്റ് എന്നിവ ഫയലിൽ ഉണ്ട്. എന്നാൽ ജി പി എസ് രേഖകൾ ഇല്ല. ജി.പി.എസ്. ലോഗ്, വാഹനത്തിന്റെ ലോഗ് ബുക്ക് എന്നിവ പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. ബില്ലിന്റെ അടിസ്ഥാനത്തിൽ മാത്രം തുക അനുവദിക്കുകയാണ് ചെയ്തതായി കാണുന്നത്. ബില്ലിൽ 32 ട്രിപ്പിന് 1000/- രൂപ നിരക്കിലാണ് തുക നല്കിയിട്ടുള്ളത്. ഇത് കിണർ വെള്ളത്തിന് ക്വോട്ട് ചെയ്ത നിരക്കാണ്. അതിനാൽ കിണർ വെള്ളമാണോ KWA ടാങ്കിൽനിന്നുള്ള വെള്ളമാണോ വിതരണം ചെയ്തതെന്ന് രേഖപ്പെടുത്തിയിട്ടില്ല. KWA സംവിധാനത്തിൽ നിന്ന് ലഭ്യമായ വെള്ളമല്ല വിതരണം ചെയ്തിട്ടുള്ളതെങ്കിൽ ഗുണനിലവാരം ഉറപ്പാക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പിന്നീട് ടി സ്ഥാപനം മേൽ നിരക്കിൽ കുടിവെള്ള വിതരണം നടത്താനാകില്ല എന്ന കാരണം ചൂണ്ടിക്കാട്ടി പിന്മാറുകയും കരാർ ഖരാഫി വാട്ടർ സപ്ലൈസ് , നോർത്ത് കളമശ്ശേരി എന്ന സ്ഥാപനത്തെ 1200/- രൂപ നിരക്കിൽ ഏൽപ്പിക്കുകയും ചെയ്തു. ടി സ്ഥാപനത്തിന് കുടിവെള്ള വിതരണത്തിന് ബിൽ നമ്പർ 150 തീയതി 24-1-2024 പ്രകാരം 63600/- രൂപ നല്കിയിട്ടുണ്ട്. മറ്റ് ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്ന് കൂടി ക്വട്ടേഷൻ ലഭ്യമാക്കാതെ സിംഗിൾ ക്വട്ടേഷന്റെ മാത്രം അടിസ്ഥാനത്തിൽ കരാർ നല്കിയതായാണ് ഫയലിൽ നിന്ന് ബോധ്യപ്പെടുന്നത്. കൂടാതെ ടി പേയ്മെന്റും ട്രിപ് ഷീറ്റിന്റെയും ബില്ലിന്റെയും അടിസ്ഥാനത്തിൽ മാത്രം നല്കിയതായാണ് കാണുന്നത്. ജി.പി.എസ്. ലോഗ് ഫയലിൽ ലഭ്യമല്ല. ജി.പി.എസ്. ലോഗ്, വാഹനത്തിന്റെ ലോഗ് ബുക്ക് എന്നിവ പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(നമ്പർ 14 തീയതി

30-7-2024) നല്കിയിരുന്നു. തുടർന്ന് മറുപടിയും ഫൈൻ വാട്ടർ എന്ന സ്ഥാപനം കുടിവെള്ളവിതരണം നടത്തിയത് സംബന്ധിച്ച ജി.പി.എസ്. ലോഗും ഹാജരാക്കുകയുണ്ടായി. ജി.പി.എസ്. ലോഗ്, ബിൽ, ട്രിപ് ഷീറ്റ് എന്നിവ പരിശോധിച്ചതിന് ശേഷം മാത്രമാണ് തുക നല്കിയിട്ടുള്ളത് എന്നും അറിയിച്ചു. എന്നാൽ പ്രസ്തുത സ്ഥാപനം കുടിവെള്ളവിതരണത്തിൽ നിന്ന് പിന്മാറിയപ്പോഴുണ്ടായ അടിയന്തിര സാഹചര്യം കണക്കിലെടുത്താണ് ജി.പി.എസ്. സംവിധാനം ഇല്ലാതിരുന്നിട്ടും ഖരാഫി വാട്ടർ സപ്ലൈസിനെ പ്രവൃത്തി ഏൽപ്പിച്ചതെന്നും കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യം കണക്കിലെടുത്താണ് ഇത്തരത്തിൽ പ്രവൃത്തി നടപ്പാക്കേണ്ടിവന്നതെന്നും അറിയിച്ചിരിക്കുന്നു. മറുപടി അംഗീകരിക്കുന്നു. ഭാവിയിൽ നടപടിക്രമങ്ങൾ പാലിച്ച് കുടിവെള്ളവിതരണപദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 മാലിന്യസംസ്കരണം - അവലോകനം

ഉദ്ദേശം 16457ഓളം ജനങ്ങൾ അധിവസിക്കുന്ന ഒരു പഞ്ചായത്ത് ആണ് കടമക്കുടി. എട്ട് ദ്വീപുകൾ അടങ്ങുന്ന ഒരു ദ്വീപസമൂഹമാണ് കടമക്കുടി പഞ്ചായത്ത്. ദ്വീപുകളിൽ ചിലത് ഹൈവേയുമായി പാലം മുഖേന ബന്ധപ്പെടുത്തപ്പെട്ടിട്ടുണ്ട്. മറ്റുള്ളവ ഒറ്റപ്പെട്ടുനിൽക്കുന്നവയും ഫെറി/ജങ്കാർ മുഖേന മാത്രം മറ്റ് ദ്വീപുകളുമായോ മെയിൻ ലാന്റുമായോ അപ്രോച്ച് ചെയ്യാവുന്നവയുമാണ്. അതിനാൽ തന്നെ പഞ്ചായത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തേക്ക് എല്ലായിടത്തുനിന്നുമുള്ള മാലിന്യം എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് അവിടെ നിന്നും അവ നീക്കം ചെയ്യുന്ന രീതി അവലംബിക്കാൻ സാധിക്കാതെ വരുന്നു. പല ദ്വീപുകളിലായി രണ്ടോ മൂന്നോ സ്ഥലത്ത് മാലിന്യം ശേഖരിച്ച് അവിടെനിന്ന് തന്നെ കയറ്റി അയക്കുന്ന രീതിയാണ് നടപ്പാക്കുന്നത്.

ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്താക്കുന്നതിന് ഉതകുന്ന വിവിധങ്ങളായ പദ്ധതികൾ ഭരണസമിതി ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജന ബൈലോ പ്രസിദ്ധീകരിച്ച് അതിലെ വ്യവസ്ഥകൾ സംബന്ധിച്ച പ്രചാരണം ഗ്രാമ പഞ്ചായത്ത് നടത്തിയിട്ടുണ്ട്. മാലിന്യസംസ്കരണം സംബന്ധിച്ച ബോധവൽക്കരണത്തിനായി നോട്ടീസ് തയ്യാറാക്കി വിതരണം ചെയ്യുകയും വിവരശേഖരണം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസിഡന്റ്, വാർഡ് മെംബർ, ആരോഗ്യവകുപ്പിൽ നിന്നും പഞ്ചായത്തിൽ നിന്നുമുള്ള ഓരോ ഉദ്യോഗസ്ഥർ, ആശാ വർക്കർ, ഹരിതകർമ്മസേന പ്രവർത്തകർ എന്നിവർ അടങ്ങിയ ഗ്രൂപ്പ് ഹരിതകർമ്മസേനയുമായി സഹകരിക്കാത്ത വീടുകൾ സന്ദർശിച്ച് ബോധവൽക്കരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കുട്ടികളുടെ ഹരിതസഭകളും എല്ലാ വാർഡുകളിലും ഗ്രാമസഭകളിൽ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ശേഖരിക്കുന്നതിന് മിനി MCFകൾ സ്ഥാപിച്ചിട്ടുണ്ട്. ജൈവമാലിന്യം വീടുകളിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിനാണ് പഞ്ചായത്തിലെ ജനങ്ങൾക്ക് നിർദ്ദേശം നല്കിയിട്ടുള്ളത്.

### ഹരിതകർമ്മസേന

വാർഡ് തലത്തിൽ ഹരിതകർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 13 വാർഡുകളിലായി 28 ഹരിതകർമ്മസേനാംഗങ്ങൾ സേവനമനുഷ്ഠിക്കുന്നുണ്ട്. ഏകദേശം 4862 വീടുകളിൽ നിന്നും 283 സ്ഥാപനങ്ങളിൽ നിന്നും മാലിന്യശേഖരണം നടത്തുന്നുണ്ട്. യൂണിഫോം, ഐ.ഡി. കാർഡ്, ബൂട്ട്. ഗ്ലൗവ്സ്, റെയിൻകോട്ട്, ട്രോളികൾ എന്നിവ സേനാംഗങ്ങൾക്ക് നല്കിയിട്ടുണ്ട്. ഹരിതമിത്രം ആപ്പ് സംബന്ധിച്ച പദ്ധതി ആരംഭിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. ഹരിതമിത്രം ആപ്പ് ഉപയോഗിക്കുന്നതിന് കെൽട്രോൺ മുഖേന പരിശീലനം നല്കിയിട്ടുണ്ട്. ആരംഭഘട്ടത്തിൽ ചില തടസ്സങ്ങളുണ്ടായിരുന്നുവെങ്കിലും ഹരിതകർമ്മസേനയുടെ പ്രവർത്തനംഭൂരിഭാഗം വാർഡുകളിലും നല്ല രീതിയിൽ മുന്നോട്ടു പോകുന്നുണ്ട്. സേനയെ മൈക്രോസംരംഭം ആയി രജിസ്റ്റർ ചെയ്ത് കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി, VEO എന്നീ ഉദ്യോഗസ്ഥർ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുന്നുണ്ട്. യൂസർ ഫീ ഇനത്തിൽ ഉള്ള വരുമാനമാണ് വേതനം മുതലായവക്കായി ചെലവിടുന്നത്. 2023-24 വർഷത്തിൽ 167750/-രൂപ യൂസർ ഫീ ഇനത്തിൽ ലഭിച്ചിട്ടുണ്ട്. രണ്ട് പേർ വീതമുള്ള ടീമാണ് ഓരോ വാർഡിലും നിയോഗിക്കപ്പെട്ടിട്ടുള്ളത്. സ്വന്തം സ്മാർട്ട് ഫോണുകളാണ് സേനാംഗങ്ങൾ

ഉപയോഗിക്കുന്നത്. QR Code പതിപ്പിക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളൂ. വീടുകളിൽ നിന്ന് പ്രതിമാസം 50/- രൂപയും കടകളിൽ നിന്ന് പ്രതിമാസം 100/- രൂപയുമാണ് ഈടാക്കുന്നത്. ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രതിമാസ ശരാശരി 6000/- രൂപ വരുമാനം ലഭിക്കുന്നുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ എല്ലാ മാസവും ശേഖരിക്കുന്നുണ്ട്. പ്ലാസ്റ്റിക് ഇതര മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി പ്രവർത്തന കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. ഡയപ്പർ, സാനിറ്ററി നാപ്കിനുകൾ എന്നിവ മാലിന്യങ്ങളുടെ കൂട്ടത്തിൽ സ്വീകരിക്കുന്നില്ല.

**മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി(MCF)**

സ്വന്തമായി MCF കെട്ടിടം ഉണ്ട്. വാർഡ് 5 ൽ കണ്ടനാട് ആണ് പ്രവർത്തിക്കുന്നത്. ഫയർ എക്സ്റ്റിംഗ്വിഷറുകൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് അവ ഉപയോഗിക്കാൻ പരിശീലനം നല്കിയിട്ടുണ്ട്. മാലിന്യങ്ങൾ സെഗ്രഗേറ്റ് ചെയ്താണ് സൂക്ഷിച്ചിട്ടുള്ളത്. MCF ഉണ്ടെങ്കിലും പഞ്ചായത്തിന്റെ പ്രത്യേക ഭൂപ്രകൃതി മൂലം അതാത് ദ്വീപുകളിലാണ് മാലിന്യം സൂക്ഷിക്കുന്നത്. പാലങ്ങളുടെ കീഴിലും മറ്റുമാണ് ഇവ സൂക്ഷിക്കുന്നത്. MCF കെട്ടിടത്തിലും മാലിന്യം സൂക്ഷിക്കുന്നു. ക്ലീൻ കേരള കമ്പനിയുമായി കരാറിലേർപ്പെട്ടാണ് മാലിന്യനീക്കം നടത്തുന്നത്. പുനരുപയോഗിക്കാവുന്ന പ്ലാസ്റ്റിക് വിൽക്കുന്നതിലൂടെ പഞ്ചായത്തിന് വരുമാനം ലഭിക്കുന്നുണ്ട്. മൾട്ടി പ്ലാസ്റ്റിക്ക് നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് കമ്പനിക്ക് തുക നല്കേണ്ടതുണ്ട്. മാലിന്യനീക്കത്തിന് സ്വന്തമായി വാഹനം ഉണ്ട്. ഡി. പി. വേൾഡ് ഇന്റർ നാഷണൽ നല്കിയിട്ടുള്ളതാണ് പ്രസ്തുത വാഹനം(ഇ ഓട്ടോ). ഗ്രാമപഞ്ചായത്തിന് സ്വന്തമായി RRF, ബെയ്ലിംഗ്/ ഷ്രെഡ്ഡിംഗ് യൂണിറ്റ്, മാലിന്യസംസ്കരണപ്ലാന്റ് എന്നിവയില്ല.

**പരിശോധനകൾ, ശിക്ഷാ നടപടികൾ**

പ്ലാസ്റ്റിക് ഉപഭോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി നടത്തിയ പരിശോധനയെത്തുടർന്ന് വാണിജ്യസ്ഥാപനങ്ങളിൽനിന്ന് പിഴ ചുമത്തി വരുന്നുണ്ട്. പൊതുസ്ഥലത്ത് മാലിന്യം വലിച്ചെറിഞ്ഞ വ്യക്തികളിൽ നിന്ന് പിഴ ഈടാക്കുന്നുണ്ട്. അലക്ഷ്യമായി മാലിന്യം വലിച്ചെറിയുന്നത് പഞ്ചായത്തിന്റെ ശ്രദ്ധയിൽപെടുത്തിയ വ്യക്തികൾക്ക് പാരിതോഷികം നല്കിയിട്ടുണ്ട്.

**നിർദ്ദേശങ്ങൾ**

പാതയോരങ്ങളിലും മറ്റും മാലിന്യം നിക്ഷേപിക്കുന്നത് കേരളത്തിലെ മറ്റേതൊരു പ്രദേശങ്ങളിലും ഉള്ളപോലെ കടമക്കുടി പഞ്ചായത്തിലും കണ്ടുവരുന്ന ഒരു പ്രവണതയാണ്. നിലവിൽ അത് നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്ന് സ്വീകരിച്ചുവരുന്ന നടപടികൾ ഒന്നുകൂടി ശക്തിപ്പെടുത്തുന്നതിലൂടെ പൂർണ്ണമായും ശുചിയും മാലിന്യരഹിതവുമായ പഞ്ചായത്ത് എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുവാൻ കഴിയുന്നതാണ്. ഗാർഹിക ജൈവമാലിന്യങ്ങളുടെ സംസ്കരണത്തിനനുയോജ്യമായ പദ്ധതികൾ വാർഷികപദ്ധതികളുടെ ഭാഗമായി നടപ്പിലാക്കാവുന്നതാണ്. സ്ഥിരമായി അനധികൃത മാലിന്യനിക്ഷേപം നടക്കുന്ന കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവിടങ്ങളിൽ ചിലയിടത്ത് CCTV ക്യാമറ ഉൾപ്പെടെയുള്ള നിരീക്ഷണസംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വരും വർഷങ്ങളിലെ പദ്ധതിയിലും ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്. ഹരിതകർമ്മസേനയുടെ പ്രവർത്തനം ഭംഗം കൂടാതെ നടപ്പാക്കാൻ സാധിക്കുക എന്നതാണ് പഞ്ചായത്തിനെ സംബന്ധിച്ച മുഖ്യ വെല്ലുവിളി. മെംബർമാരുടെയും ഉദ്യോഗസ്ഥരുടേയും പൂർണ്ണമായ സഹകരണം ഹരിതകർമ്മസേനക്ക് ലഭിക്കുന്നുണ്ട്. ഹരിതമിത്രം ആപ്പിന്റെ പ്രവർത്തനം പൂർണ്ണതോതിൽ നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതവും കാര്യക്ഷമവുമാക്കിയാൽ യൂസർ ഫീ ഇനത്തിലും മാലിന്യവിൽപ്പന ഇനത്തിലും ലഭിക്കുന്ന തുക ഉപയോഗിച്ച് ഹരിതകർമ്മസേനാംഗങ്ങളുടെ വേതനവും മറ്റ് ചെലവുകളും പരിപൂർണ്ണമായി നിർവ്വഹിക്കുവാൻ സാധിക്കുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**1-23 വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല- ₹ 1710725/- രൂപ തടസ്സപ്പെടുത്തുന്നു.**

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ ചേർത്തിട്ടുള്ള പ്രൊജക്റ്റുകൾ സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നമ്പർ 4 തീയതി 26-7-24) നല്കിയിരുന്നു.

| പ്രോജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേര് | ചെലവ് തുക | ബിൽ നമ്പർ/തീയതി |
|---|---|---|---|
| 22/24 | വിവിധ വാർഡുകളിലെ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ-KSEB | 59201/-(പൊതുവിഭാഗം വികസന ഫണ്ട്) | 60/7-9-23 |
| 132/24 | പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ-KSEB | 10029/-(പൊതുവിഭാഗം വികസന ഫണ്ട്) | 172/20-2-24 |
| 133/24 | കുടിവെള്ള ലഭ്യതക്കായി പമ്പ് ഹൌസ് പുനരുദ്ധാരണം.KWA | 94860/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 128/21-12-23 |
| 19/24 | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ KSEB | 597247/-(പൊതുവിഭാഗം വികസന ഫണ്ട്) | 42/10-8-23 |
| 186/24 | ഐ.കെ.എം. മെംബർഷിപ്പ് ഫീസ് വിഹിതം കൈമാറൽ IKM Mission | 900000/-(പൊതുവിഭാഗം വികസന ഫണ്ട്) | 282/25-3-2024(300000)<br>283/25-3-2024(300000)<br>284/25-3-2024(300000) |
| 16/24 | ഐ.കെ.എം. വിഹിതം കൈമാറൽ IKM Mission | 49388/- (പൊതുവിഭാഗം വികസന ഫണ്ട്) | 8/7-6-2023 |

ഓഡിറ്റ് എൻക്വയറിക്ക് മറുപടി, വിനിയോഗ സാക്ഷ്യപത്രങ്ങളൊ ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയായ ₹ 1710725/- രൂപ തടസ്സപ്പെടുത്തുന്നു.

**1-24 മഴക്കാല പൂർവ്വ ശുചീകരണം - രേഖകൾ ഹാജരാക്കിയില്ല- ₹ 260000/-തടസ്സപ്പെടുത്തുന്നു.**

നോൺ പ്ലാൻ വൌച്ചറുകളുടെ പരിശോധനയിൽ മഴക്കാല പൂർവ്വ ശുചീകരണത്തിനായി വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികൾക്ക് മുൻകൂർ ആയി ₹260000/- നൽകിയിട്ടുണ്ട്. (ചെക്ക് നമ്പർ 37547/28-4-23). ഇതുമായി ബന്ധപ്പെട്ട് വാർഡുകളിൽ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച ചെലവ് രേഖകൾ/ഫയൽ/രജിസ്റ്ററുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 9/28-7-24)നല്കിയിരുന്നു. മറുപടിയായി മെഡിക്കൽ ഓഫീസറിൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ആണ് ഹാജരാക്കിയിട്ടുള്ളത്. ചെലവ് രേഖകൾ /ഫയൽ /രജിസ്റ്ററുകൾഹാജരാക്കിയില്ല. അതിനാൽ ചെലവ് തുക ₹260000/-തടസ്സപ്പെടുത്തുന്നു.

**1-25 ലോൺ ഇനത്തിൽ ബാധ്യത ഇല്ലാതിരുന്നിട്ടും സോഴ്സ് ഡിഡക്ഷൻ നടത്തിയത് മൂലം ഗ്രാന്റിൽ കുറവ്**

കടമക്കുടി ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ലോൺ ഇനത്തിൽ ബാധ്യത ഇല്ല. എന്നിരുന്നാലും പൊതുവിഭാഗം വായ്പ തിരിച്ചടവായി ₹474292/-, എസ്.സി.പി. വിഭാഗത്തിൽ ₹427792/- എന്നിങ്ങനെ തുകകൾ ഉൽഭവത്തിൽ കുറവ് ചെയ്തിട്ടുണ്ട്. ഈ തുകകൾ തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2023-2024 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹1,6,50,000 | ലൈഫ് ഭവന നിർമ്മാണം- ജനറൽ. (27/24) | ₹1,6,50,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹20,00,000 | ലൈഫ് ഭവന നിർമ്മാണം-എസ്.സി (20/24) | ₹20,00,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹2,42,330 | അനുപൂരക പോഷകാഹാരം (1/24) | ₹2,42,330 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹2,10,990 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (5/24) | ₹2,10,990 | - |
| **ആകെ** | | **₹41,03,320** | | **₹41,03,320** | **-** |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹7,20,000 | ലൈഫ് ഭവന നിർമ്മാണം- ജനറൽ. (27/24) | ₹7,20,000 | - |
| ജില്ലാ പഞ്ചായത്ത് | | ₹5,20,000 | ലൈഫ് ഭവന നിർമ്മാണം-എസ്.സി (20/24) | ₹5,20,000 | - |
| ജില്ലാ പഞ്ചായത്ത് | | ₹141,725 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (5/24) | ₹141,725 | - |
| ജില്ലാ പഞ്ചായത്ത് | | ₹29,000 | ഡയാലിസ് രോഗികൾക്ക് ചികിത്സ സഹായം(35/24) | ₹29,000 | - |
| ജില്ലാ പഞ്ചായത്ത് | | ₹2,57,962 | പൊക്കാളി പാടശേഖരങ്ങളുടെ ബണ്ട് ബലപ്പെടുത്തൽ (150/24) | ₹2,57,962 | - |
| ജില്ലാ പഞ്ചായത്ത് | | ₹3,65,000 | എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (11/24) | ₹3,65,000 | - |
| **ആകെ** | | **₹20.33,687** | | **₹20.33,687** | **-** |

### 4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

ഗ്രാമപഞ്ചായത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകി വരുന്നു. ഇപ്രകാരം ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ചിട്ടുള്ള തുക ചെലവഴിച്ച്

പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ടിന്റെ പേരും നമ്പറും | നിർവ്വഹണ ഏജൻസി | ബിൽ നം/ വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 2023-24 | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (19/24) | കെ.എസ്.ഇ.ബി | 42/ 10.08.2023 | ₹597247 | 0 | ₹597247 |
| 2023-24 | വിവിധ വാർഡുകളിൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (എസ്.0013/23) | കെ.എസ്.ഇ.ബി | XVFC/2022-23/ P/23/8.2.23 | ₹69,230 | 0 | ₹69,230 |
| 2023-24 | കടമക്കുടി ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുന്നതിന് വേണ്ടി മുപ്പത്തടം 3-ാം നമ്പർ പമ്പ് ഹൌസ് പുനരുദ്ധാരണം (133/24) | വാട്ടർ അതോറിറ്റി | ബിൽ നം. 128/21-12-23 | ₹94860 | 0 | 94860 |
| **ആകെ** | | | | **₹7,61,337** | **-** | **₹7,61,337** |

* ഈ തുക ധനകാര്യപത്രികയിലെ B.18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് ഗ്രാമപഞ്ചായത്ത് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനം നിർമ്മാണം | ഇല്ല | ഇല്ല | - | ₹10,32,281 | - | ഇല്ല |

കുറിപ്പ്: ₹10,32,281/- ബാദ്ധ്യത ഇല്ലാതിരുന്നിട്ടും വികസനഫണ്ടിൽ നിന്നും ഉത്ഭവത്തിൽ കുറവു ചെയ്തിട്ടുണ്ട്.

തിരിച്ചടവിന്റെ വിവരം

| ജി.ഒ.പ്രോജക്ട് നമ്പർ | പേര് | തുക |
|---|---|---|
| 184/24 | ലൈഫ് വായ്പ മുതൽ തിരിച്ചടവ് - എസ്.സി.പി. | ₹2,13,896 |
| 189/24 | ലൈഫ് വായ്പ മുതൽ തിരിച്ചടവ് - എസ്.സി.പി. | ₹2,13,896 |
| 192/24 | ലൈഫ് വായ്പ മുതൽ തിരിച്ചടവ് - പൊതുവിഭാഗം | ₹2,13,896 |
| 183/24 | ലൈഫ് വായ്പ മുതൽ തിരിച്ചടവ് - പൊതുവിഭാഗം | ₹1,30,198 |
| 188/24 | ലൈഫ് വായ്പ മുതൽ തിരിച്ചടവ് - പൊതുവിഭാഗം | ₹1,30,198 |
| 191/24 | ലൈഫ് വായ്പ മുതൽ തിരിച്ചടവ് - പൊതുവിഭാഗം | ₹1,30,197 |
| ആകെ | | ₹10,32,281 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം**

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഒന്നുമില്ല.

**4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം**

**(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്തവിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം) | : | ₹3,77,53,515 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം) | : | ₹3,37,54,229 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹20,61,485.00 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | ₹90,760 | ഡോ.ദിവ്യ യശോധരൻ, , മെഡിക്കൽ ഓഫീസർ ആയുർവ്വേദം |
| 1-23 | ₹1,71,0725 | ശ്രീ. നവീൻ രാജൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 1-24 | ₹260000 | ശ്രീ. നവീൻ രാജൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| **ആകെ** | **₹2061485** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. നവീൻ രാജൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി | കടമക്കുടി ഗ്രാമപഞ്ചായത്ത്, സെക്രട്ടറി | 63/725 എ, ആതിര, കാട്ടുക്കര റോഡ് (W), കലൂർ 682017 |
| ഡോ.ദിവ്യ യശോധരൻ, മെഡിക്കൽ ഓഫീസർ ആയുർവേദം | മെഡിക്കൽ ഓഫീസർ ഗവ: ആയുർവേദം ഡിസ്പെൻസറി കടമക്കുടി | ഗീതാഞ്ജലി, സെന്റ് ജൂഡ് റോഡ്, തേവര, കൊച്ചി 682013 |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ(പി3) 921/01 തീയതി 07-12-2001 |
| 1999-2000 | എൽ.എഫ്.ഇ(പി3) 1646/01 തീയതി 03-06-2002 |
| 2000-01 | എൽ.എഫ്.ഇ(പി3) 329/05 തീയതി 06-01-2006 |
| 2001-02 | എൽ.എഫ്.ഇ(പി3) 1345/03 തീയതി 05-02-2004 |
| 2005-06 | എൽ.എഫ്.ഇ(പി3) 1347/09 തീയതി. 27-05-2010 |
| 2006-07 | എൽ.എഫ്.ഇ(പി3) 1375/09 തീയതി. 12-02-2001 |
| 2007-08 | എൽ.എഫ്.ഇ(പി8) 1066/10 തീയതി 01-08-2011 |
| 2008-09 | എൽ.എഫ്.ഇ(പി8) 1067/10 തീയതി 01-08-2011 |
| 2009-10 | എൽ.എഫ്.ഇ(പി8) 996/11 തീയതി 10-04-2012 |
| 2010-11&2011-12 | എൽ.എഫ്.ഇ(പി6) 1310/13 തീയതി18-07-2013 |
| 2012-13&2013-14 | എൽ.എഫ്.ഇ(പി10) 1899/14 തീയതി. 21-01-2015 |
| 2014-15 | കെ.എസ് .എ ഇ.കെഎം(പി10) 883/216 തീ. 06.06.2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി10)2125/216 തീയതി 15.12.216 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി10) 1271/17 തീയതി 17.07.17 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി 10)12/19 തീ.30-01-19/07-03-19 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(പി 10)2099/19 തീ. 01.02.2020 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(പി 10)1286/21 തീ.08.12.2021 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം.(പി 10)1287/21 തീ.06.01.2022 |
| 2021-22 | കെ.എസ്.എ.-ഇ.കെ.എം.(പി 10)2288/22 തീ.06.02.2023 |
| 2022-23 | കെ.എസ്.എ.-ഇ.കെ.എം.(പി 10)1716/23 തീ.14.12.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**എറണാകുളം, ജില്ലാ ഓഡിറ്റ് കാര്യാലയം**

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 05-06-2024 and submitted on 06-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Kadamakkudy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kadamakkudy Grama Panchayat as on 31-03-2024

**Date: 20/09/2024**

**Deputy Director**
**District Office Ernakulam**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kadamakkudy Grama Panchayat for the Year 2023-2024 .

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.
2. Lack of Panchayath Raj Budget rules adversely affecting budgetary control system.
3. The asset value shown in Balance sheet is not traceable to Asset Register due to unsupported design of existing Asset Register.

4. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

**2.Other Observations**

1. The Advance Amount shown in schedule -18 of Balance sheet is not timely adjusted.

2.The deposit register has not been properly written and maintained. The liability in respect of deposit received which has expired above 3 years may be treated as asset of Panchayath.

3.The Request for redemption amount shown in B15 shedule of balance sheet may be taken up to concerned authority for allotment

4.Capital contribution Account is not maintained properly.

5.The Demand Collection Balance of property tax is not reconciled with AFS and Sanchaya. Amount deposited in Kerala water authority for deposit works is not included in Balance sheet.

6.An amount of Rs. 205565/- as e-tender fee is not included in the Balance Sheet as receivables.

7.Capital Work in progress account in the Balance Sheet is not maintained properly .

8.Arrear Water charge amount of Rs 5.30 Cr is not accounted as Liability in Balance sheet

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്